**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2348** **21-01-2021 - ൽ മറുപടിയ്ക്ക്**

**ശമ്പളകമ്മീഷൻ ഇടക്കാല റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Dr. T. M. Thomas Isaac**<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനസർക്കാർ ജീവനക്കാരുടെ വേതനം പരിഷ്കരിക്കുവാൻ നിയോഗിച്ച കമ്മീഷൻ അതിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത കമ്മീഷന്റെ കാലാവധി ഇതിനകം എത്ര തവണ നീട്ടിയിട്ടുണ്ടെന്നറിയിക്കാമോ; | (എ) | റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. കമ്മീഷന്റെ കാലാവധി ഇതിനകം രണ്ട് തവണ നീട്ടി നൽകിയിട്ടുണ്ട്. |
| (ബി) | കമ്മീഷനോട് ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്; | (ബി) | ശമ്പള പരിഷ്കരണത്തിന്റെ ആദ്യ ഭാഗ റിപ്പോർട്ട് 31.01.2021-ന് മുൻപ് സമർപ്പിക്കുന്നതിന് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ തന്നെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ജീവനക്കാരുടെ ശമ്പള പരിഷ്കരണ റിപ്പോർട്ട് ജനുവരി അവസാനം ലഭിക്കുമെന്നും അപ്രകാരം ലഭ്യമാകുന്ന കമ്മീഷന്റെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഏപ്രിൽ മാസം മുതൽ ശമ്പളവും പെൻഷനും പരിഷ്കരിച്ചുകൊണ്ട് ഉത്തരവിറക്കുമെന്നും ശമ്പള കുടിശ്ശിക 3 ഗഡുക്കളായി പിന്നീട് നൽകുന്നതാണെന്നും 2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ